**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat Khalifathullah Munir Ahmad Azim (A)**
**25 August 2017 / 02 Dhul Hijjah 1438 Hijira)**

# SURA QURAYSH (CH : 106) / സൂറ : ഖുറൈശ്

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം **സൂറ : ഖുറൈശ്** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

1. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ
2. ഖുറൈശികൾ ഉണ്ടാക്കിയ ഉടമ്പടികൾ (അതിലൂടെ അവർ നേടിയ സുരക്ഷിതത്വവും രക്ഷയും)
3. ശൈത്യകാലത്തും ഉഷ്ണകാലത്തും അവരുടെ യാത്രകളക്കുള്ള ഉടമ്പടികൾ
4. അതിനാൽ, ഈ മന്ദിരത്തിന്റെ നാഥനെ അവർ ആരാധിക്കട്ടെ
5. അവർക്ക് ആഹാരം നല്കി വിശപ്പിൽ നിന്ന് അവരെ രക്ഷിക്കുകയും ഭയത്തിൽ നിന്ന് അവർക്ക് രക്ഷ നല്കി സമാധാനാവസ്ഥ സംജാതമാക്കി കൊടുക്കുകയും ചെയ്തവനായ (അവരുടെ നാഥൻ)

ഖുറൈശികൾ അവരുടെ നഗരത്തെ സ്നേഹിച്ചിരുന്നു. മക്ക എന്ന ഈ സ്ഥലത്തെക്കുറിച്ച് അഭിമാനം കൊള്ളുന്നവരായിരുന്നു. മക്കാ നിവാസികളും അവിടെ കുടിയേറി പാർത്തവരും മക്ക ഒരു സംരക്ഷിത സ്ഥലമായും കച്ചവടത്തിന് പറ്റിയ സ്ഥലമായും അതിലൂടെ അവർക്ക് വളരെയധികം ലാഭം നേടാവുന്ന ഒരു സ്ഥലമായും അവൻ കരുതിയിരുന്നു. അല്ലാഹു (ത) അവർക്ക് നല്കിയ ഈ സൗകര്യങ്ങളിലൂടെ, അല്ലാഹു (ത) മുഹമ്മദ് (സ) യ്ക്ക് നല്കിയ അവന്റെ സന്ദേശത്തെ ആദ്യമായി സ്വീകരിക്കുവാനുള്ള അവസരവും അവർക്ക് ലഭിക്കുകയുണ്ടായി. ദൗർഭാഗ്യവശാൽ വളരെ കുറച്ചു പേർക്ക് മാത്രമെ അത് സ്വീകരിക്കുവാനുള്ള ഭാഗ്യം ലഭിച്ചുള്ളൂ. ബഹുഭൂരിഭാഗവും പ്രസ്തുത സന്ദേശത്തെ തിരസ്ക്കരിക്കുകയാണ് ചെയ്ത

ത്. കായിക പരമായ ജോലിക്കും കച്ചവടത്തിനുമുള്ള അവരുടെ കഴിവ് അവർക്ക് ആരാണ് നല്കിയത് ? അതുപോലെ ഒരു പ്രതികൂല സാഹചര്യത്തെ നേരിടുവാനുള്ള കഴിവും അത് നേരെയാക്കുവാനുള്ള ആർജ്ജവവും അവർക്ക് ആരാണ് നല്കിയത്? തീർച്ചയായും അല്ലാഹു തന്നെ. ഒരു ശത്രുവിനും മക്കയിൽ പ്രവേശിക്കുവാൻ കഴിയാത്ത നിലയിൽ ആ സ്ഥലത്തെ ഒരു വാണിജ്യ കേന്ദ്രമാക്കി നില നിർത്തുവാനും, യഥാസമയം വാണിജ്യാർത്ഥം മക്കയിൽ നിന്ന് മറ്റു സ്ഥലങ്ങളിലേക്ക് പോകുവാനുള്ള ഉൾപ്രേരണകൾ അവൻ അല്ലാഹു അവർക്ക് പ്രദാനം ചെയ്യുകയുണ്ടായി. ഇതെല്ലാം അവൻ അവർക്ക് നല്കിയെങ്കിലും അവർ അല്ലാഹുവിന്റെ സന്ദേശത്തെ തിരസ്ക്കരിക്കുകയുണ്ടായി. അല്ലാഹുവിനോട് നന്ദി പ്രകാശിപ്പിക്കുന്നതിന് പകരം അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ പ്രവാചകനേയും അവർ അപമാനിക്കുയാണ് ഉണ്ടായത്.

ഈ സൂറത്ത് നമ്മെ പഠിപ്പിക്കുന്നത് നമുക്ക് ഭൂമിയിൽ ലഭിക്കുന്ന എല്ലാ അധികാരവും സമ്പത്തും അല്ലാഹു നമുക്ക് നല്കുന്നതാണ് എന്നാണ്. അവനില്ലാതെ നാമെല്ലാം അധികാരമില്ലാത്തവരും നിസ്സഹായകരുമാണ്. അതുകൊണ്ട് അവൻ നല്കുന്ന എല്ലാ അനുഗ്രഹങ്ങൾക്കും നാം അവനോട് നന്ദിയുള്ളവരായിരിക്കണം. അർഹമായ നിലയിൽ അവനെ മാത്രം നാം ആരാധിക്കണം. അവന്റെ ഇച്ഛയ്ക്കും മഹത്വത്തിനും അനുസരിച്ചായിരിക്കണം പ്രവർത്തനങ്ങൾ അഖിലവും

## വചനം 2 :

ഖുറൈശികൾ ഉണ്ടാക്കിയ ഉടമ്പടികൾ പ്രസ്തുത ഉടമ്പടികളിലൂടെ അവർ നേടിയ രക്ഷയും സുരക്ഷിതത്വവും അറേബ്യയിലെ ഏറ്റവും പ്രശ്സ്തമായ ഗോത്രമായിരുന്നു ഖുറൈശിഗോത്രം. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പ്രസ്തുത ഗോത്രത്തിലെ ആളായിരുന്നു. മാനവ സമൂഹത്തിന്റെ കഅ്ബ അവരുടെ അധീനതയിലായിരുന്നു. കഅ്ബയുടെ അവകാശം അവർക്കായിരുന്നു. അതിലൂടെ അവർക്ക് വളരെയധികം നേട്ടങ്ങൾ ആർജീക്കുവാൻ കഴിഞ്ഞു.

1. കഅ്ബാലയം എവിടെയാണോ നിലനിന്നത്, അതിന്റെ സ്ഥാന വലിപ്പം മൂലം മാറ്റിതര ഗോത്രങ്ങളുടെ മേൽ അവർക്ക് വലിയ സ്വാധീനം നേടുവാൻ കഴിഞ്ഞു.
2. അവരുടെ പ്രധാന സ്ഥാനം മൂലം അവരുടെ വാണിജ്യം വികസിപ്പിക്കുവാൻ

കഴിഞ്ഞു ; അതോടൊപ്പം മറ്റുള്ള ഗോത്രങ്ങളുമായുള്ള അവരുടെ ബന്ധവും ശക്തിപ്പെട്ടു ; അത് അവർക്ക് വളരെ വലിയ നേട്ടം ആർജ്ജക്കുവാനും, മാന്യത നേടുവാനും സഹായകമായി തീരുകയും ചെയ്തു.

3. അറബികളുടെ സംസ്ക്കാരിക പൈതൃകം മൂലം മക്കാ പ്രദേശം പരിപാപനമായി കരുതപ്പെട്ടിരുന്നു. തത്ഫലമായി ആ സ്ഥലം യുദ്ധം മൂലമോ, ചർച്ച മൂലമോ അഥവാ സ്വകാര്യ തർക്കങ്ങൾ മൂലമോ നശിപ്പിക്കപ്പെട്ടിരുന്നില്ല

ഖുറൈശികൾ, അതുമൂലം, സുരക്ഷിതരായിരുന്നു. അപകടങ്ങളെകുറിച്ച് അവർക്ക് ഭയപ്പെടേണ്ടതില്ലായിരുന്നു. ഈ പരിപാപനമായ ക്ഷേത്രത്തിന്റ അതായത് കഅ്ബയുടെ സേവകരായിരുന്നു അവർ. അതുകൊണ്ട് തന്നെ അവർക്ക് വളരെ വലിയ മാന്യത കല്പിക്കപ്പെട്ടിരുന്നു. ഇതവർക്ക് വളരെ വലിയ നേട്ടങ്ങൾക്ക് കാരണമായി. ഈ മാന്യതയും ഈ സ്ഥാനവും അവർ അല്ലാഹുവിനായി സമർപ്പിച്ചു. അല്ലാഹു (ത) അവന്റെ അടയാളങ്ങൾ വെളിപ്പെടുത്തുകയും അവന്റെ സന്ദേശം എത്തിക്കുകയും ചെയ്തപ്പോൾ, അല്ലാഹുവിന്റെ ഏകത്വത്തെ അംഗീകരിച്ചു കൊണ്ട്, അവന്റെ പരിശുദ്ധ പ്രവാകനെ വിശ്വസിക്കേണ്ട പ്രഥമർ അവരായിരുന്നില്ലേ ? പൊതു സുരക്ഷിതത്വം അപകടപ്പെട്ട സന്ദർഭത്തിൽ, കഅ്ബയുടെ സംരക്ഷകരെന്ന നിലയിലുള്ള അവരുടെ ബഹുമാന്യതയും സ്വാധീനവും അവരുടെ സുരക്ഷിതത്വം കാത്തു സൂക്ഷിക്കുവാൻ സാധിച്ചു. സന്ധികളിലേർപ്പെടുവാനും കഴിഞ്ഞു ; നഗരത്തിന്റെ പവിത്രത കാത്തു സൂക്ഷിക്കുവാനും കഴിഞ്ഞു. സിറിയ, പേർഷ്യ, യമൻ, അബ്സീനിയ തുടങ്ങിയ രാജ്യങ്ങളുമായി അവർ സന്ധിയിലേർപ്പെട്ടു. ഇതു മൂലം അവരുടെ ജീവനും സ്വത്തിനും വ്യാപാരത്തിനും സുരക്ഷിതത്വം ലഭിച്ചു. ഏതു കാലത്തും എപ്പോഴും സുരക്ഷിതമായി അവർക്ക് യാത്ര ചെയ്യുവാനും സാധിച്ചു.

## വചനം 3:

### ശൈത്യകാലത്തും ഉഷ്ണകാലത്തുമുള്ള അവരുടെ യാത്രകൾക്കായുള്ള അവരുടെ ഉടമ്പടികൾ

അവരുടെ കച്ചവടത്തിനായി, അവർക്ക് സഞ്ചരിക്കേണ്ടതായിട്ടുണ്ട്. ശൈത്യകാലത്ത് അവർ യമൻ പോലുള്ള ഉഷ്ണ രാജ്യങ്ങളിലേക്ക് യാത്ര ചെയ്തിരുന്നു. ഉഷ്ണകാലത്ത് ശൈത്യ രാജ്യങ്ങളായ സിറിയ പോലുള്ള സ്ഥലത്തും ഉപദ്വീപുകളിലും യാത്ര ചെയ്തിരുന്നു. ഈ യാത്രകളിലൂടെ അവരുടെ വാണിജ്യ

കഴിവുകളും അറിവും പൂർണ്ണമാക്കുകയുണ്ടായി. ലോകത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും അവർക്കു കഴിഞ്ഞു. അവരുടെ വിചാരവികാരങ്ങൾ പ്രകടിപ്പിക്കുവാനും സാഹിത്യത്തിലും മറ്റു കലകളിലുമുള്ള അവരുടെ കഴിവ് വർദ്ധിതമാക്കുവാനും സാധിച്ചു

## വചനം 4 :

ഈ ഭവനത്തിന്റെ രക്ഷിതാവിനെ അവർ ആരാധിക്കട്ടെ

(ഭവനം എന്നതുകൊണ്ട് ഇവിടെ വിപക്ഷിതമാകുന്നത് കഅ്ബ ആകുന്നു.)

## വചനം 5 :

വിശപ്പിന് ആഹാരം നല്കിയവനാണവൻ ഭയത്തിൽ നിന്ന് സുരക്ഷിതത്വം പ്രദാനം ചെയ്തവനാണവൻ

വാണിജ്യസംഘങ്ങൾ അവരെ ധനസമൃദ്ധിയിലാക്കുകയും മറ്റു രാജ്യങ്ങളെ മക്കയിലേക്ക് വാണിജ്യത്തിനായി ആകർഷിക്കുകയും ചെയ്തു. വിദൂരരാജ്യങ്ങളിൽ നിന്ന് വന്ന ആളുകൾ മറ്റു സാധനങ്ങളും, സമ്മാനങ്ങളും കൊണ്ടു വന്നു. ഇതെല്ലാം മക്കക്കാരെ സമൃദ്ധിയിലേക്ക് നയിച്ചു. അവരുടെ ഭവനങ്ങളിൽ അവർ സുരക്ഷിതരായി. യുദ്ധത്തിന്റെ കെടുതികൾ അവർക്ക് അനുഭവിക്കേണ്ടി വന്നില്ല. ഇത്തരം നേട്ടങ്ങൾ അല്ലാഹു (ത) നല്കിയതിനാലാണ് അല്ലാഹു (ത) യെ മാത്രം ആരാധിക്കുവാൻ അവൻ അവരോട് കല്പിച്ചത്. അവനോട് നന്ദികേട് കാണിക്കരുത് എന്ന് ആവശ്യപ്പെടുന്നതും ! കാരണം ഈ അനുഗ്രഹങ്ങളെല്ലാം അവർക്ക് നല്കിയത് അവൻ മാത്രമാണ്.

നിശ്ചയമായും ചിന്തിക്കുന്ന ജനതയ്ക്ക് ഇതിൽ വളരെ വലിയ പാഠമുണ്ട്. അവനെ സ്തുതിക്കുവാൻ നമ്മെ അവൻ സഹായിക്കട്ടെ. അവനോട് നന്ദികേട് കാണിക്കാതിരിക്കുവാനും അവൻ സഹായിക്കട്ടെ ! അവൻ നമുക്കായി വളരെയധികം അനുഗ്രഹങ്ങൾ ചൊരിഞ്ഞിരിക്കുന്നു (മുഹമ്മദ്ദിയ്യാ സമുദായത്തിന്) ഈ വിശദീകരണം ഇവിടെ നിർത്തുന്നു. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ! ആമീൻ


**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**